Received

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2786 — 20.07.2011-ൽ മറുപടിക്ക്.

## റയിൽവേ ബഡ്ജറ്റിൽ കേരളത്തിനനുവദിച്ച പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | (ഊർജ്ജ വകുപ്പുമന്ത്രി) |
| ശ്രീ. എൻ. ഷംസുദ്ദീൻ : | |
| ശ്രീ. കെ. എം. ഷാജി : | |

| ചോദ്യം | | താല്കാലിക മറുപടി | അന്തിമ മറുപടി |
|---|---|---|---|
| (എ) | നടപ്പുവർഷത്തെ റയിൽവേ ബഡ്ജറ്റിൽ കേരളത്തിനനുവദിച്ച പുതിയ പദ്ധതികളുടെയും, പുതിയ ട്രെയിൻ സർവ്വീസുകളുടെയും നടത്തിപ്പ് നിരീക്ഷിക്കാനും, നടപടികൾ ത്വരിതപ്പെടുത്താനുമായി സംസ്ഥാനം ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ ; | | (എ) കേരളത്തിന് ലഭ്യമായിട്ടുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി ഇതുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ, മേൽപ്പാലങ്ങളുടെ നിർമ്മാണം, റെയിൽവേയുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന പ്രാദേശിക പ്രശ്നങ്ങൾ മുതലായവ വിവിധ തലങ്ങളിൽ സംസ്ഥാന സർക്കാർ അവലോകനം ചെയ്തു വരുന്നു. |
| (ബി) | കഴിഞ്ഞവർഷം അനുവദിച്ചു കിട്ടിയവയിൽ ഏതെങ്കിലും നടപ്പാക്കാൻ ശേഷിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | (ബി) സംസ്ഥാനത്തിന്റെ വിവിധ റയിൽവേ ആവശ്യങ്ങൾ കേരളത്തിൽ നിന്നുമുള്ള ബഹു. എം. പി. മാരുമായി കൂടിയാലോചിച്ച് തീരുമാനിക്കുകയും, മുൻവർഷം പ്രഖ്യാപിച്ച പദ്ധതികളിൽ ഇതുവരെ നടപ്പിലാക്കാത്തവ പ്രത്യേകം ചൂണ്ടിക്കാണിച്ച് സംസ്ഥാനത്തിന്റെ മുഖ്യ |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങളും മുൻപ് സംസ്ഥാനത്തിനായി പ്രഖ്യാപിച്ച കാര്യങ്ങളും നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ റയിൽ ബഡ്ജറ്റിനു മുമ്പായി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | നടപ്പുവർഷം മേൽപ്പാലങ്ങൾക്കുൾപ്പെടെ എന്തു തുകയാണ് കേരളത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളതെന്നും ഏതൊക്കെ പുതിയ പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നതും സംബന്ധിച്ച വിശദവിവരം നൽകാമോ ; | (സി) & (ഡി) പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട് വിവരം ശേഖരിച്ചു വരുന്നു. | (സി) 2011 - 12 ൽ കേരളത്തിൽ റയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി 18.3 കോടി രൂപ കേന്ദ്ര റയിൽവേ മന്ത്രാലയം വകയിരുത്തി-യിരുന്നു. 2011 12-ൽ പുതിയ പദ്ധതിക്കായി കുമ്പളം തുറവൂർ ഇരട്ടിപ്പിക്കലിന് (15.59 കി.മീ.) അനുമതി നല്കിയിരുന്നു. |
| (ഡി) | മേൽപ്പാലങ്ങളുടെ കാര്യത്തിൽ നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ പരിശോധിച്ച് അവയ്ക്ക് പരിഹാരം കാണാൻ ശ്രദ്ധിക്കുമോ; | | (ഡി) ശ്രദ്ധിക്കും. പൊതുമരാമത്തു വകുപ്പു നിരത്തുകളും പാലങ്ങളും, വിഭാഗത്തിനു കീഴിൽ നിർമ്മിക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വേണ്ട കർശന നിർദ്ദേശം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനിയർമാർക്ക് നല്കിയിട്ടുണ്ട്. |
| (ഇ) | പുതിയ ലൈനുകളുടെ കാര്യത്തിൽ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികളുടെ വിശദവിവരം നൽകാമോ ? | | (ഇ) പുതിയ രണ്ട് ലൈനുകളിൽ ഒന്നായ അങ്കമാലി-ശബരി റെയിൽവെ ലൈനുമായി ബന്ധപ്പെട്ട് 24/06/2011-ൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിലേയ്ക്കായി ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടേയും റവന്യൂ റയിൽവെ ഉദ്യോഗസ്ഥരുടെയും യോഗം നടക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | പ്രസ്തുത യോഗത്തിൽ നിലവിലെ റയിൽവെ അംഗീകരിച്ച അലൈൻമെന്റ് ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ ബൈപാസ് മൂന്നിടത്ത് ക്രോസ് ചെയ്യുന്നത് സ്ഥലപരിശോധന നടത്തി ഒരു സ്ഥലത്താക്കി ക്രമീകരിക്കുന്നതിലേയ്ക്ക് ഇടുക്കി ജില്ലാ കളക്ടറെയും ചീഫ് എൻജിനീയർ (കൺസ്ട്രക്ഷൻ) സതേൺ റെയിൽവെ, എറണാകുളത്തേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കോട്ടയം ജില്ലയിൽ റയിൽവെ അംഗീകരിച്ച അലൈൻമെന്റ് സംബന്ധിച്ച ചില ഭേദഗതി നിർദ്ദേശങ്ങൾ കോട്ടയം ജില്ലയിലെ ജനപ്രതിനിധികൾ അറിയിച്ചതിനെ തുടർന്ന് നാശനഷ്ടങ്ങളുടെ വ്യാപ്തി വളരെ കുറവുള്ള ഒരു പുതുക്കിയ അലൈൻമെന്റ് കോട്ടയം ജില്ലയിലെ ജനപ്രതിനിധികളുമായി ആലോചിച്ച് , 14.7.2011-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പരിശോധിക്കുകയും അതിന്മേൽ വ്യക്തമായ റിപ്പോർട്ട് നല്കുവാൻ കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.<br>രണ്ടാമത്തെ പുതിയ ലൈനായ ഗുരുവായൂർ-തിരുനാവായ ലൈനിന്റെ അലൈൻമെന്റിന്റെ തൃശ്ശൂർ ജില്ലയിലെ സ്ഥലമെടുപ്പ് നടപടികൾ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ലാതെ നടന്നുവരുന്നു. നിലവിൽ മലപ്പുറം ജില്ലയിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സർവ്വെ നടപടികൾ 25.5.2011ൽ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. ഗുരുവായൂർ - തിരുനാവായ പാതയുടെ നീളം 34.5 കിലോ മീറ്ററാണ്. ഇതിൽ 12.7 കി.മീ. തൃശ്ശൂർ ജില്ലയിലും ബാക്കി മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ്, നന്നംമുക്ക്, എടപ്പാൾ, ഇഴുവത്തുരുത്തി, മാറാഞ്ചേരി, കാലടി, തവനൂർ, തിരുനാവായ വില്ലേജുകളിൽ കൂടിയാണ് കടന്നുപോകുന്നത്. പെരുമ്പടപ്പ് വില്ലേജിൽ 6.5. കി.മീ. സർവ്വെ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ,